കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ വിഹിതത്തിൽ മിച്ചമുള്ള തുകയിൽ നിന്ന് ഇരിട്ടി പുതിയ ബസ് സ്റ്റാന്റ് കോൺക്രീറ്റ് ചെയ്യുന്നതിനും അനുബന്ധ ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ (സാധാ)നം:1133/2012/തസ്വഭവ തിരുവനന്തപുരം, തീയതി: 16/4/2012

---

പരാമർശം:- 1. കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3/12/10-ലെ ഇ 1439/2000 നമ്പർ കത്ത്.

2. കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് കൗൺസിലിന്റെ 17/10/11-ലെ യോഗത്തിന്റെ 132/11 (5)-ാം നമ്പർ തീരുമാനം.

3. പഞ്ചായത്ത് ഡയറക്ടറുടെ 27/12/11-ലെ ജെ1-803/11 നമ്പർ കത്ത്.

4. സ.ഉ (സാധ) നം 1108/12/തസ്വഭവ തീയതി: 12/4/2012.

### ഉത്തരവ്

കണ്ണൂർ ജില്ലയിൽ കീഴൂർ -ചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ബസ് സ്റ്റാന്റും അനുബന്ധ ബൈപാസും പൊട്ടിപ്പൊളിഞ്ഞ് വാഹന ഗതാഗതത്തിന് അനുയോജ്യമല്ലാത്ത അവസ്ഥയിലാണെന്നും റോഡ് പുനരുദ്ധാരണവും ബസ്സ്റ്റാന്റ് നവീകരണവും നടപ്പിലാക്കുന്നതിന് ആവശ്യമായ രണ്ടുകോടി രൂപ, ഗ്രാമപഞ്ചായത്ത് പഴയ ബസ്സ്റ്റാന്റ്-ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലം ചെയ്യുന്നതിൽ ഗുണഭോക്തൃ വിഹിതമായി ലഭിക്കുന്നമെന്ന് ഗ്രാമപഞ്ചായത്ത് പ്രതീക്ഷിക്കുന്ന 4.64 കോടി രൂപയിൽ നിന്ന്, വിനിയോഗിക്കുവാൻ അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് കൗൺസിൽ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. കട മുറികളുടെ ലേലം വഴി ഡെപ്പോസിറ്റായി ഗ്രാമപഞ്ചായത്ത് സമാഹരിച്ച തുകയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ചെലവാകുന്ന തുക കഴിച്ച് ബാക്കി വരുന്ന തുകയിൽ നിന്നും റോഡ്/ബസ്സ്റ്റാന്റ് പുനരുദ്ധാരണത്തിന് ആവശ്യമായ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് പഴയ ബസ്സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഗുണഭോക്തൃ വിഹിതമായി പഞ്ചായത്ത് വരവ് പ്രതീക്ഷിക്കുന്ന 4.64 കോടിയിൽ നിന്ന് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് ആവശ്യമുള്ള 1.51 കോടി രൂപയും പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം ഷോപ്പിംഗ് കോംപ്ലക്സിന്റെ അനുബന്ധപ്രവർത്തികൾക്കായി ചെലവഴിക്കാൻ അനുമതി

(..... 2)

നൽകിയ 50 ലക്ഷം രൂപയും കഴിച്ച് മിച്ചമുള്ള 2.63 കോടി രൂപയിൽ നിന്ന് ഇരിട്ടി പുതിയ ബസ് സ്റ്റാന്റ് കോൺക്രീറ്റ് ചെയ്യുന്നതിനും അനുബന്ധ ബൈപാസ് റോഡ് പുനരുദ്ധരിക്കുന്നതിനും രണ്ടു കോടി രൂപ ചെലവഴിക്കുന്നതിന്, പദ്ധതിയ്ക്ക് നിയമാനുസൃതം അംഗീകാരം നേടണമെന്നും ഷോപ്പിംഗ് കോംപ്ലക്സിന് കൂടുതൽ തുക വേണ്ടിവരുന്ന പക്ഷം അത് തക്കസമയത്ത് ക്രമീകരിച്ച് നൽകേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമായിരിക്കുമെന്നുള്ള വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**വി.ശോഭ**

**ഗവ.അഡീഷണൽ സെക്രട്ടറി**

സെക്രട്ടറി, കീഴൂർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത്

പുന്നാട് പി.ഒ, കണ്ണൂർ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**